ശ്രീ. ആർ. പ്രകാശം : അടുത്തവർഷം വിജയശതമാനം വർദ്ധിപ്പിക്കാൻ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : വിജയശതമാനം വർദ്ധിപ്പിക്കാൻ ശ്രമിച്ചാലും കുറെ സ്കൂളുകളിൽ കുറയാതെ വരാൻ നിവൃത്തിയില്ല.

SECOND FIVE YEAR PLAN.

* 134. [15] SHRI T. S. RAMASWAMI* : Will the Chief Minister be pleased to state :

(a) The nature of industries proposed by the State Government to be included in the Second Five year Plan;

(b) The location of these industries ;

(c) The estimated costs ;

CHIEF MINISTER (SHRI PANAMPILLI GOVINDA MENON): (a) A list † of industries proposed by the State Government for inclusion in the Second Five Year Plan is laid on the table of the House.

(b) The location of these industries has not been finally decided.

(c) The estimated cost is shown against each scheme in the list laid on the table of the House.

ശ്രീ. പി. വി. അവിരാതരകൻ : ഈ ഇൻഡസ്ട്രീസ്സിനു് ആകെക്കൂടി ഇൻവെസ്റ്റ്മെൻറ് എത്ര രൂപയാണു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇൻവെസ്റ്റ്മെൻറ് എത്ര വരുമെന്നുള്ളതു് മുഴുവനും തീരുമാനിക്കപ്പെട്ടിട്ടില്ല. ഇൻഡസ്ട്രീ തുടങ്ങിയിട്ടുമില്ല.

ശ്രീ. പി. വി. അവിരാത്തരകൻ : ഇപ്പോൾ തുടങ്ങാൻ ഉദ്ദേശിക്കുന്ന ഇൻഡസ്ട്രീസ്സിനു് എന്തു് ക്യാപ്പിറ്റൽ വേണ്ടിവരുമെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : തുടങ്ങാൻ ഉദ്ദേശിക്കുന്ന ഇൻഡസ്ട്രീസ്സിനു് എന്തു് ക്യാപ്പിറ്റൽ വേണമെന്നു് ലിസ്റ്റിൽ അതതിൻറെ നേരെ കാണിച്ചിട്ടുണ്ടു്.

ശ്രീ. പി. ആർ. മാധവൻപിള്ള : എല്ലാ വ്യവസായങ്ങളും ഉടനെതന്നെ തുടങ്ങാൻ ദയവുണ്ടാകുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : എല്ലാ വ്യവസായങ്ങളും തുടങ്ങണമെന്നാഗ്രഹമുണ്ടു്.

---

* As the member was absent the question was put by Shri. P. V. Avira Tharakan with the permission of the Chair.

† Please see Appendix IV.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. രാഘവക്കുറുപ്പ് : ഓരോ ഇൻഡസ്ട്രീസും തുടങ്ങുന്നതിനു ക്യാപ്പിറ്റൽ ഇൻവെസ്റ്റ്മെൻറ് എത്ര വേണമെന്നു പാർട്ടീസും ഗവണ്മെൻറുംകൂടി തീരുമാനിച്ചിട്ടുള്ളതല്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പാർട്ടീസും ഗവണ്മെൻറും കൂടി ആലോചിച്ചു തയാറാക്കീട്ടുള്ളതാണു്.

ശ്രീ. എൻ. രാഘവക്കുറുപ്പ് : ഗവണ്മെൻറ് നേരിട്ടു് നടത്താൻ ഉദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും ഇൻഡസ്ട്രീസ്സുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : രണ്ടെണ്ണം ഉണ്ടു്. ഒന്നു് റബ്ബർഫാക്ടറിയും മറ്റൊന്നു് ചവറ മിനറൽസും ആണു്.

ശ്രീ. എൻ. രാഘവക്കുറുപ്പ് : ഞാൻ ഗവണ്മെൻറിന്റെ മേൽനോട്ടത്തിൽ തുടങ്ങാനുദ്ദേശിക്കുന്നതിനെപ്പറ്റിയാണു് ചോദിച്ചതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതേപ്പറ്റിയാണു് പറഞ്ഞതു്.

ശ്രീ. എൻ. രാഘവക്കുറുപ്പ് : റബ്ബർ ഫാക്ടറിയും മിനറൽസ് ഫാക്ടറിയും ഇപ്പോൾ ഉള്ളതുകൂടാതെ പുതിയതായി ഗവണ്മെൻറ് തുടങ്ങാൻ ഉദ്ദേശിക്കുന്ന എന്നാണോ പറയുന്നതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതെ. റബ്ബർ ഫാക്ടറിയിൽ പുതിയതായി ഒരു സെക്ഷൻകൂടി തുടങ്ങാനാണുദ്ദേശിച്ചിട്ടുള്ളതു്.

ശ്രീ. എൻ. രാഘവക്കുറുപ്പ് : പുതിയ ഇൻഡസ്ട്രീസ് തുടങ്ങുന്ന കാര്യമാണു് ചോദിച്ചതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പുതിയ ഇൻഡസ്ട്രിയുടെ കാര്യമാണു് ഞാൻ പറഞ്ഞതു്.

ശ്രീ. എൻ. രാഘവക്കുറുപ്പ് : ഈ വ്യവസായങ്ങൾ പബ്ലിക്ക് സെക്ടറിലോ പ്രൈവറ്റ് സെക്ടറിലോ തുടങ്ങാനുദ്ദേശിച്ചിരിക്കുന്നതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : റബ്ബർ ഫാക്ടറി പബ്ലിക്ക് സെക്ടറിൽ തുടങ്ങാനാണു് ഉദ്ദേശിച്ചിരിക്കുന്നതു്. പ്രൈവറ്റ് സെക്ടറിനെപ്പറ്റി ഇപ്പോൾ ആലോചിച്ചിട്ടില്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ് : ഈ ഇൻഡസ്ട്രീസ് ഏതു് സെക്ടറിൽ വേണം എന്നു് തീരുമാനിക്കുന്നതു് എന്തടിസ്ഥാനത്തിലാണു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഏതെല്ലാം പബ്ലിക്ക് സെക്ടറിൽവേണം ഏതൊക്കെ പ്രൈവറ്റ് സെക്ടറിൽ വേണമെന്നുള്ള തൊക്കെ പ്ലാനിംഗ് കമ്മിഷൻ നിർദ്ദേശിച്ചിട്ടുള്ളതാണു്.

ശ്രീ. എൻ. രാഘവക്കുറുപ്പ് : അവ ഏതെങ്കിലും നടപ്പിൽ വരുത്താൻ തുടങ്ങിയിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ചിലതൊക്കെ തുടങ്ങിയിട്ടുണ്ടു്.

ശ്രീ. എൻ. രാഘവക്കുറുപ്പ് : അതു് ഏതൊക്കെയാണെന്നു പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനു് പ്രത്യേകം ഒരു ചോദ്യം ചോദിച്ചാൽ പറയാം.

ശ്രീ. പ്രാക്കുളം ഭാസി : ഈ പ്രൈവറ്റ സെക്ടറിൽ തുടങ്ങാനുദ്ദേശിക്കുന്ന ഇൻഡസ്ട്രീസിനു് എന്തു തുകവേണമെന്നുള്ളതു പറയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനു നോട്ടീസു വേണം

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. കഴിഞ്ഞദിവസം റബ്ബർ ഫാക്ടറിയെ സംബന്ധിച്ചു് ചോദിച്ച ഒരു ചോദ്യത്തിനു് മുഖ്യമന്ത്രിയുടെ അഭാവത്തിൽ പോലീസ് മന്ത്രി മറുപടി പറയുകയുണ്ടായി, ഒരു റബ്ബർ ഫാക്ടറി സഹകാര്യ മേഖലയിലാണു തുടങ്ങാൻ പോകുന്നതെന്നു്. ഇപ്പോൾ മുഖ്യമന്ത്രി പറയുന്നു അതു് പൊതു മേഖലയിലാണു തുടങ്ങാൻ പോകുന്നതെന്നു്. ഇതിൽ വൈരുദ്ധ്യം കാണുന്നു. അതു വളരെ വ്യക്തമായ വൈരുദ്ധ്യമാണു്. ഇതു് ഒന്നു വ്യക്തമാക്കിത്തരുന്നതിനു് ഒരു റൂളിംഗ് ആവശ്യമാണു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആ റബ്ബർ ഫാക്ടറിയെപ്പറ്റിയല്ല ഞാനിന്നു പറഞ്ഞതു്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള റബ്ബർ ഫാക്ടറിയെപ്പറ്റിയാണു മറുപടി പറഞ്ഞതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പഞ്ചവത്സരപദ്ധതിയിൽ രണ്ടും ഉൾപ്പെടുത്തിയിട്ടുണ്ടു്.

ശ്രീ. എൻ. രാഘവക്കുറുപ്പു് : രണ്ടു് ഏതൊക്കെയാണു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഒന്നു് പ്രൈവറ്റ സെക്ടറിലും മറ്റൊന്നു് പബ്ലിക്ക സെക്ടറിലും.

ശ്രീ. എൻ. രാഘവക്കുറുപ്പു് : അതിന്റെ ഇസ്റ്റാപ്പിലും പ്രൊഡക്ഷനിലും വല്ലതെങ്കിലും വ്യത്യാസമുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ടു്.

ശ്രീ. എൻ. രാഘവക്കുറുപ്പു് : അതെന്തൊക്കെയാണു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇപ്പോൾ പബ്ലിക്ക സെക്ടറിൽ ഒന്നുണ്ടു്. അതു വിപുലീകരിച്ചു് പുതിയ ഒരു ലൈൻ തുടങ്ങുന്നു. പ്രൈവറ്റ സെക്ടറിൽ മുഴുവൻ പുതുതായി ഒന്നു തുടങ്ങുന്നു.

ശ്രീ. എൻ. രാഘവക്കുറുപ്പു് : അപ്പോൾ പബ്ലിക്ക സെക്ടറിൽ ഉള്ളതിനോടു കമ്പീറ്റചെയ്യുന്നതിനു് വേറൊന്നു തുടങ്ങുകയാണോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അല്ല. ഇൻഡ്യയിൽ കൂടുതൽ ടയർഫാക്ടറികളുടെ ആവശ്യമുണ്ടെന്നാണു് കണ്ടിരിക്കുന്നതു്.

ശ്രീ പ്രാക്കുളം ഭാസി : നാഷനൽ പ്ലാനിംഗ് കമ്മിഷനു് സ്റ്റേറ്റി നാലും ഒരു പ്ലാൻ സമർപ്പിച്ചിട്ടുണ്ടല്ലോ. അതിൽ ഇൻഡസ്ട്രീസിനുള്ള ടാർജറ്റ് എന്താണു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനു നോട്ടീസു് വേണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പ്രാക്കുളം ഭാസി: മുഖ്യമന്ത്രി നാഷണൽ പ്ലാനിംഗ് കമ്മിഷനുമായി ചർച്ചചെയ്തതിൽ ഏതെല്ലാം വ്യവസായങ്ങൾ ആരംഭിക്കാമെന്നു സമ്മതിച്ചിട്ടുണ്ട്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിന്റെ അവസാന തീരുമാനം ഉണ്ടായിട്ടില്ല.

ശ്രീ. ടി. കെ. ദിവാകരൻ: കമ്മിഷനുമായി ചർച്ചനടത്തിയതിൽ ഇൻഡസ്ട്രിയലിനുള്ള ടാർജറ്റ് കുറയുമെന്നു പ്രതീക്ഷിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനെപ്പറ്റിയുള്ള അവസാനതീരുമാനം കിട്ടിയിട്ടില്ല.

Shri A. A. D. Luiz: May I know whether any provision has been made in the Second Five Year Plan to revive the industries that are now lying defunct?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനെപ്പറ്റി അങ്ങിനെ വ്യക്തമായി ഒന്നും തീരുമാനിച്ചിട്ടില്ല.

ശ്രീ. എ. താണുപിള്ള: സെക്കൻഡ് ഫൈവ് ഇയർ പ്ലാൻ ഈ സെഷനിൽ ഡിസ്കഷൻ കൊണ്ടുവരുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനെപ്പറ്റി ആലോചിക്കാം.

ശ്രീ. എ. താണുപിള്ള: അതറിയണം.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പ്ലാനിംഗ് കമ്മിഷന്റെ ലറ്റർ കിട്ടിയശേഷം ആലോചിക്കാമെന്നാണ് വിചാരിക്കുന്നത്.

ശ്രീ. എ. താണുപിള്ള: അവരുടെ ലറ്റർ കിട്ടിയില്ലെങ്കിൽ ഡിസ്കസ് ചെയ്യുകയില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എന്നതുമില്ല.

ശ്രീ. എ. താണുപിള്ള: നേരത്തെ ഡിസ്കഷൻ നടത്തിയാൽ കമ്മിഷനു് അതു സഹായകമാകുകയില്ലേ? നേരത്തെ ഇൻഡ്യാഗവണ്മെന്റിനെ അതറിയിക്കുന്നതിൽ എന്താണു തെറ്റു്? ഇവിടെ ഒരു ഡിസ്കഷനു് സൗകര്യമുണ്ടാക്കുമോ എന്നാണു് ചോദിക്കുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായം വളരെ ആദരവോടുകൂടി കേൾക്കുന്നു. ഞാൻ പറഞ്ഞതരത്തിലായാൽ കുറെ നന്നായിരിക്കും. അവരുടെ ലറ്റർ കിട്ടിയില്ലെങ്കിൽ ഡിസ്കഷൻ വയ്ക്കുന്നില്ലെന്നില്ല.

ശ്രീ. പി. വിശ്വംഭരൻ: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ഒരു മെമ്പർക്കു് ചോദ്യങ്ങൾ ചോദിക്കുന്നതിനു് എന്തെങ്കിലും ലിമിറ്റുണ്ടോ? അതോ തളരുന്നതുവരെ ചോദിക്കാമോ?

മി. സ്പീക്കർ: മറ്റാർക്കും സപ്ലിമെന്ററി ചോദ്യങ്ങൾ ചോദിക്കാൻ അവസരം നൽകാത്ത തരത്തിൽ തുടരെ ചോദിക്കുന്നതു് നിറുത്തിവയ്ക്കേണ്ടതാണു്.

LIBRARY ARCHIVES Kerala Legislative Assembly

APPENDIX IV

[*Please see answer to Question No. * 134 (15) and (unstarred) 112 (57)*].

Scheme.	*Physical target.*	*Amount Rs. in lakhs.*
DEPARTMENT — INDUSTRIES		
A. New Industries.		
1. Establishment of Sheet Glass Factory.	Assistance to Private Sector by way of participation in share capital and loan; and starting industries in the Public Sector.	400
2. Glucose & Starch Factory.		
3. Manufacture of Ionone & other aromatics from lemon grass oil.		
4. Establishment of Synthetic Corundum Factory.		
5. Sand lime bricks Factory.		
6. Hard board Factory.		
7. Establishment of a Factory for the manufacture of Motor Tyres.		
8. Establishment of a Factory for the manufacture of steel poles.		
B. Expansion Schemes of the Private Sector.		
1. F. A. C. T.		
2. Travancore-Cochin Chemicals.		
3. Cochin Malleables.		
4. Travancore Cements		
5. West-Coast Fisheries.		
6. Setting up of a Sulphuric Acid Plant in the Titanium Products Ltd.		
C. Government owned concerns.		
1. Shark Liver Oil Factory.	25 gallons therapeutic Shark Liver Oil per day, conversion of 25 gallons per day to Vitamin A concentrates.	18·00
2. Ceramic Factory.	Increased production of China clay additional 1000 tons.	2·5

LIBRARY ARCHIVES Kerala Legislative Assembly

APPENDIX IV—(*contd.*)

	Scheme.	*Physical target.*	*Amount Rs. in lakhs.*
3.	Rubber Factory.	400 tons rubber goods 12,000 tyres 12,000 tubes and 6000 flaps. 1000 pairs of cycle rims per shift of 8 hours.	75
4.	Travancore Minerals.	2000 tons Rutile per annum	13·5
		Total	109·00
D.	**Handloom Development Scheme.**	7000 pedal looms, 120 sheds, 30 warping sizing plants, 30 dyeing equipments, 1 spinning mill (Co-operative), 50 Sales emporia.	272·50
E.	**Other schemes of the [illegible]. I. C.**		
1.	Occupational Institutes.	2	3·00
2.	Central Instrument workshop improvement.	1	5·00
3.	Sales emporium in New-Delhi.	1	4·50
F.	**Coir Development Scheme.**	180 Primary Societies. 25 Thondu Societies. 1 Central Marketing Society.	106·45
		8 Societies for manufacture of coir mats & mattings. 2 Societies for rope manufacture 3 Training Centres.	35·00
		INDUSTRIAL TRAINING CENTRES	
H.	**Small Scale Industries.**		
1.	Small Scale Industrial Units.	* 60 industries.	300·00
2.	Import & manufacture of Small Industries machines.	—	30·00
3.	Survey of Small Scale Industries.	—	1
4.	Model Sports Goods manufacturing Unit.	1	5·00

LIBRARY ARCHIVES Kerala Legislative Assembly

APPENDIX IV—(*contd.*)

Scheme.	*Physical target.*	*Amount Rs. in lakhs.*
5. Mobile Blacksmithy unit	1	1·14
6. Mobile Carpentry unit	1	0·83
7. Model Footwear unit	1	7·60
8. Model Blacksmithy unit	4	7·40
9. Model Carpentry unit		6·50
10. Chain Stores.	40 Stores	8·00
11. Exhibition & Sales emporia	4	16·00
12. Industrial Estates	1 small unit	15·00
Total of Small Scale Industries.		398·47

* For details see appendix attached.

INDUSTRIES & COMMERCE.

I. Khadhi Development Scheme.

a.	Khadi Weaver's Co-operative Societies.	48 per year.	27·00
b.	Training.	2	62·58
c.	Demonstration.	—	0·58
d.	Propaganda.	—	1·70
e.	Rehabilitation of Weavers' Families.	—	5·00
f.	Dyeing Houses.	—	1·01
g.	Establishment.	—	2·06
	Total of Khadi Development:--		99·93

Village Industries.

1.	Rural Industrialisation aid to Co-operative Societies.	300 Societies.	33·00
2.	Palm gur Development Scheme.	25 ..	12·24
3.	Bee keeping.	10,000/- bee hives.	4·00
4.	Village Oil Industry.	4 Centres.	2·34
5.	Soap Making.	2 Centres.	0·84
6.	Village pottery.	—	5·00
7.	Cottage Match Industry.	—	2·00
8.	Hand—pounding.	—	2·55
9.	Hand—made paper.	—	2·00
10.	Intensive Areas.	4 Centres.	10·00
11.	Marketing Scheme.	4 Societies.	4·00
	Total of Village Industries.		77·97

K. Better organisation of tile industry Rs. 1 lakh.

LIBRARY ARCHIVES Kerala Legislative Assembly